വിമാനത്തിലെ നിരപരാധികളായ യാത്രക്കാരുടെ മരണത്തിനുള്ള ഉത്തരവാദിത്തം ആ യാത്രാവിമാനത്തെ നിയമവിരുദ്ധമായി ചാരവേലയ്ക്കു നിയോഗിച്ച അമേരിക്കയുടെ തലയിൽത്തന്നെ വന്നുവീഴുമെന്നതിൽ യാതൊരു സംശയവുമില്ല. പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ, വിമാനാപകടത്തിൽ മരിച്ച ഏതാനും പേരുടെ ചില ശരീരഭാഗങ്ങളല്ലാതെ വിമാനമോ അതിലെ പ്രസക്തങ്ങളായ ചാരവൃത്തിസംവിധാനങ്ങളോ ഇനിയും ശാന്തസമുദ്രത്തിന്റെ അഗാധതയിൽനിന്നു പുറത്തുവന്നിട്ടില്ല!

(14 സെപ്തംബർ, 1983)

# 5. റംഗൂണിൽ ടൈംബോംബ്

1983 സെപ്തംബർ ഒന്നാം തീയതി വെളുപ്പിന് റഷ്യൻ യുദ്ധവിമാനങ്ങൾ വെടിവെച്ച് ജപ്പാൻ കടലിൽ വീഴ്ത്തിയ ദക്ഷിണ കൊറിയൻ യാത്രാവിമാനം സോവ്യററ് യൂണിയന്റെ കിഴക്കേ അതിർത്തിയിലുള്ള മർമപ്രധാനങ്ങളായ കപ്പൽ–വിമാനത്താവളങ്ങൾക്കു മുകളിലൂടെ പറന്നത്, യഥാർത്ഥത്തിൽ അമേരിക്കയ്ക്കുവേണ്ടി ചാരപ്പണി നടത്തുന്നതിനാണോ എന്ന ചോദ്യത്തിനു സംശയാതീതമായ മറുപടി ഇനിയും ഉരുത്തിരിഞ്ഞുവന്നിട്ടില്ല. ഇപ്പോഴിതാ, ഒക്ടോബർ ഒമ്പതാം തീയതി രാവിലെ, ബർമയുടെ തലസ്ഥാനമായ റംഗൂണിലെ ദേശീയശ്മശാനത്തിൽ ഉണ്ടായ ഒരു ബോംബ്സ്ഫോടനത്തിൽ തെക്കൻ കൊറിയയുടെ ഡെപ്യൂട്ടി പ്രധാനമന്ത്രി, വിദേശകാര്യമന്ത്രി, വാണിജ്യ–വ്യവസായ മന്ത്രി, ഊർജമന്ത്രി എന്നിവരടക്കം കൊറിയക്കാരും ബർമക്കാരുമായി പത്തൊമ്പതുപേർ മരിക്കുകയും നാല്പത്തെട്ടാളുകൾക്കു പരുക്കു പററുകയും ചെയ്തിരിക്കുന്നു. ഈ പൊട്ടിത്തെറിക്ക് ഉത്തരവാദികൾ ആരെന്നു വ്യക്തമായിട്ടില്ല.

ക്രൂരമായ ഈ സ്ഫോടനത്തിന്റെ ലക്ഷ്യം എന്തായിരുന്നു എന്ന കാര്യത്തിൽ സംശയത്തിനവകാശമില്ല. തെക്കൻകൊറിയയുടെ പ്രസിഡണ്ട് ജനറൽ ചുൻ ഡൂഹ്വാനെയും പത്നിയെയും അദ്ദേഹത്തിന്റെ പ്രധാന സഹപ്രവർത്തകരെയും അദ്ദേഹത്തോടൊപ്പം സന്നിഹിതരാവാൻ സാധ്യതയുള്ള ബർമയിലെ ഭരണാധികാരികളെയും കൊലപ്പെടുത്തുന്നതിനുള്ള ഒരു പരിശ്രമമായിരുന്നു റംഗൂണിലെ രക്തസാക്ഷി സ്മാരകത്തിൽ നടന്ന പൊട്ടിത്തെറി.

ബർമ, ഇന്ത്യ, ശ്രീലങ്ക, ഓസ്ട്രേലിയ, ന്യൂസിലൻഡ് രാജ്യങ്ങളിൽ ഒരു സൗഹൃദപര്യടനം നടത്തുന്നതിനു തലേന്ന് സ്വന്തം തലസ്ഥാനത്തുനിന്നു പരിവാരസമേതം ഇറങ്ങിത്തിരിച്ച ചുൻ ഡൂഹ്വാൻ ബർമയിൽ തന്റെ പരിപാടി ആരംഭിക്കുമ്പോഴാണ് ഈ അത്യാഹിതം ഉണ്ടായത്.

ബർമയുടെ ദേശീയനേതാവും ബർമീസ് സ്വാതന്ത്ര്യത്തിന്റെ ശില്പിയുമായ ഓങ്സാന്റെ ശവകുടീരത്തിൽവച്ചാണ് ഈ പൊട്ടിത്തെറി നടന്നതെന്ന വസ്തുത അതിന്റെ ദാരുണത വർദ്ധിപ്പിക്കുന്നു. രണ്ടാം മഹായുദ്ധകാലത്ത് യുവാവായിരുന്ന ഓങ്സാൻ ജപ്പാൻകാരുടെ ഭാഗത്തു ചേർന്ന് ബ്രിട്ടീഷ്സൈന്യങ്ങൾക്കെതിരെ പൊരുതി ബർമീസ് ജനതയുടെ വീരനേതാവായി ഉയർന്നു. ബ്രിട്ടീഷുകാർ എന്നെന്നേക്കുമായി ബർമ കൈയൊഴിച്ചുപോയപ്പോൾ, യുദ്ധത്തിന്റെ അന്തിമദിനങ്ങളിൽ ഓങ്സാനും അനുയായികളും ജപ്പാനീസ് പട്ടാളത്തിനെതിരെ ഗറില്ലാ

യുദ്ധം സംഘടിപ്പിക്കുകയും ബർമയെ മിക്കവാറും വിമോചിപ്പിക്കുകയും ചെയ്തു. ആധുനികബർമ ഉദയംകൊണ്ടതു് ഈ സമരാഗ്നിയിൽനിന്നാണെന്നു പറയാം. എന്നാൽ, താൻ പൊരുതി നേടിയ ദേശീയസ്വാതന്ത്ര്യത്തെ സ്ഥിരമായ അടിത്തറയിൽ ഉറപ്പിക്കാൻ ഓങ്സാനു സമയം ലഭിച്ചില്ല. 1947 ജൂലൈ 19—ാം തീയതി ഓങ്സാനും അദ്ദേഹത്തിന്റെ ആറു സഹപ്രവർത്തകരും മന്ത്രിസഭായോഗത്തിൽവച്ചു് ഒരു രാഷ്ട്രീയ പ്രതിയോഗിയുടെ കൂലിത്തോക്കുകാരാൽ കൂട്ടക്കൊലചെയ്യപ്പെട്ടു. ഈ വധം ബർമയെ ഏറെക്കുറെ അനാഥമാക്കി. സ്വതന്ത്ര ബർമയിൽ പലേടത്തും ഇനിയും വ്യവസ്ഥാപിത ഗവണ്മെൻറ് നിലവിൽ വരാത്തതിനും, സാമ്പത്തിക—രാഷ്ട്രീയ—സാംസ്കാരികരംഗങ്ങളിൽ ബർമയ്ക്കു് ഇന്നുള്ള ശോച്യമായ പിൻനിലയ്ക്കും ഒരു കാരണം, ഓങ്സാന്റെ മരണത്തോടെ ആ രാജ്യത്തിന്റെ നേതൃനിരയിൽ സംഭവിച്ച, ഇനിയും ശരിക്കു നികത്തിക്കഴിഞ്ഞിട്ടില്ലാത്ത, വിടവാകുന്നു.

ഓങ്സാന്റെ ശവകുടീരം ഇപ്പോൾ ബർമയുടെ ദേശീയശ്മശാനമത്രേ. അവിടെ, ഓങ്സാൻ സ്മാരകത്തിൽ ഔപചാരികമായി ഒരു പുഷ്പചക്രം അർപ്പിക്കുവാൻ പുറപ്പെട്ടതായിരുന്നു ദക്ഷിണ കൊറിയൻ പ്രസിഡണ്ടു്. അദ്ദേഹത്തിന്റെ സംഘത്തിൽപ്പെട്ട ഏതാനും മന്ത്രിമാരും, ബർമയിലെ ഏതാനും ഉയർന്ന ഭരണാധികാരികളും നേരത്തെതന്നെ സ്മാരകത്തിൽ എത്തിച്ചേർന്നിരുന്നു. വഴിയിൽ, നഗരത്തിലെ വാഹനത്തിരക്കിൽപ്പെട്ടു ചുൻ ഡൂഹ്വാനും പത്നിയും സംഘത്തിലെ മറ്റു ചില അംഗങ്ങളും സഞ്ചരിച്ചിരുന്ന കാറുകൾ ഉദ്ദിഷ്ട ലക്ഷ്യത്തിലെത്താൻ അഞ്ചു മിനിററോളം വൈകി. അതിനകം സ്മാരകത്തിന്റെ മേല്പുരയിൽ ഘടിപ്പിച്ചിരുന്ന ശക്തിയേറിയ ടൈംബോംബ് പൊട്ടിത്തെറിച്ചു. ചുൻ ഡൂഹ്വാൻ രക്ഷപ്പെട്ടു; പക്ഷേ, അദ്ദേഹത്തിന്റെ പ്രബലരായ പല സഹായികളും മരണവക്ത്രത്തിൽപ്പെട്ടു.

രാഷ്ട്രീയഹത്യകൾ നിത്യസംഭവങ്ങളായിക്കഴിഞ്ഞ ഒരു കാലഘട്ടത്തിലാണു നാം ജീവിക്കുന്നതു്. കൂലി വാങ്ങി കൊല നടത്തുന്ന സാഹസികരായ വ്യക്തികളും സംഘടനകളും ലോകത്തിലെ എല്ലാ രാജ്യങ്ങളിലുമുണ്ടു്. അമേരിക്കൻ—സോവ്യററ്ചേരികൾ തമ്മിലുള്ള ശീതസമരങ്ങളും അറബി—ജൂത—സംഘർഷവും ഈ കൊലയാളികൾക്കു് അനുകൂലമായ അന്തരീക്ഷം എവിടെയും സൃഷ്ടിച്ചിരിക്കുന്നു. ഒരേ 'ഐഡിയോളജി'യിൽ വിശ്വസിക്കുന്ന രാജ്യങ്ങൾതന്നെ പരസ്പരം ബദ്ധശത്രുക്കളായി മാറിയതും നാം കാണുന്നുണ്ടു്. യുദ്ധത്തെ തുടർന്നു് രണ്ടായി പിളർന്ന രാജ്യങ്ങളിലെ രണ്ടു ഭാഗങ്ങൾ തമ്മിലും കടുത്ത മത്സരം നടക്കുന്നുണ്ടു്. ആയുധനിർമാണവും വ്യാപാരവും ലോകത്തിലെങ്ങും അനിയന്ത്രിതമായി പെരുകിയിരിക്കുന്നു. കഠാരിയും കൈത്തോക്കും മാത്രമല്ല, മിസൈലുകളും അണുബോംബുകളുംകൂടി, അന്താരാഷ്ട്രീയവിപണിയിൽ ഇഷ്ടംപോലെ വാങ്ങാൻ കിട്ടുമെന്ന നിലയിലാണു് ഇന്നുള്ളതു്. കൊടുക്കാൻ പണവും ശരിയായ സമ്പർക്കവും ഉണ്ടായിരിക്കണമെന്നു മാത്രം. അഞ്ചോ ആറോ സാഹസികർ ഒന്നിച്ചു ചേർന്നാൽ എവിടെനിന്നു വേണമെങ്കിലും ഒരു വിമാനം തട്ടിയെടുക്കാം; അതുവഴി ഇഷ്ടംപോലെ പണവും പ്രശസ്തിയും നേടാം. ലോകനേതാക്കളെല്ലാം ഇപ്പോൾ ഏതു സമയത്തും ഓട്ടോമാററിക് റൈഫിളുകളുടെയോ, ടൈംബോംബുകളുടെയോ പ്രഹരപരിധിക്കുള്ളിലാണെന്നു പറയാം. ഒരാൾക്കുമില്ല സുരക്ഷ.

കൊറിയ ഒരു വിഭക്തരാഷ്ട്രമാണു്. ക്രിസ്തുവർഷം ഏഴാം നൂററാണ്ടു മുതൽ ഏകീകൃതമായ ഭരണകൂടവും, ഒരേ ഭാഷയും, ഏകരൂപമായ സംസ്കാരവും നിലനിർത്തിപ്പോന്ന ആ രാജ്യത്തിന്റെ മേൽക്കോയ്മ തങ്ങൾക്കാണെന്നു് ചൈനക്കാർ കരുതി. 1895—ൽ ആണു് ചൈന ഔപ

ചാരികമായി കൊറിയയുടെ സ്വാതന്ത്ര്യം അംഗീകരിച്ചത്. 1880—കളിൽ അമേരിക്ക, ബ്രിട്ടൻ, ജർമനി എന്നീ പാശ്ചാത്യ രാജ്യങ്ങളുമായി കൊറിയ ഉടമ്പടികളിലേർപ്പെട്ടു. പക്ഷേ, 1904—5—ലെ റഷ്യ—ജപ്പാൻ യുദ്ധത്തിൽ ജപ്പാൻ നേടിയ വിജയത്തിനുശേഷം, കൊറിയ ഒരു ജാപ്പനീസ് സംരക്ഷിതപ്രദേശം ആയി. 1910—ൽ കൊറിയ ഔപചാരികമായി ജപ്പാന്റെ കീഴിലായി.

രണ്ടാം മഹായുദ്ധത്തിൽ ജപ്പാൻ പരാജയപ്പെട്ടപ്പോൾ, 1945—ൽ അമേരിക്കൻ പട്ടാളക്കാരും റഷ്യൻ പട്ടാളക്കാരും കൊറിയയിലേക്ക് ഇരച്ചുകയറി. രാജ്യത്തിന്റെ നടുവിൽ ഭൂപടത്തിലെ 38—ാം സമാന്തര രേഖയിൽവച്ച് കൊറിയയെ അവർ രണ്ടായി വെട്ടിമുറിച്ചു. കൊറിയയിൽ ഒരു ഏകീകൃത ഭരണകൂടം സ്ഥാപിക്കുന്നതിന്, പിന്നീട് അമേരിക്കയും റഷ്യയും തമ്മിൽ നടന്ന സംഭാഷണങ്ങൾ 1946—ൽ പരാജയപ്പെട്ടു. മുപ്പത്തെട്ടാം സമാന്തരരേഖയ്ക്കു വടക്ക് റഷ്യയുടെ പിന്തുണയുള്ള ഒരു കമ്യൂണിസ്റ്റ് സർക്കാരും, തെക്ക് അമേരിക്കയുടെ പിന്തുണയുള്ള ഒരു റിപ്പബ്ലിക്കൻ സർക്കാരും നിലവിൽ വന്നു. ഇപ്പോഴും അവ നിലനില്ക്കുന്നു.

1950 ജൂണിൽ ഉത്തരകൊറിയൻ പട്ടാളം തെക്കൻകൊറിയയെ ആക്രമിച്ചു. സൈനികപ്രവർത്തനത്തിലൂടെ രാജ്യത്തെ ഏകീകരിക്കുകയാണ് അവരുടെ ലക്ഷ്യം. പക്ഷേ, ഐക്യരാഷ്ട്രസമിതി ഈ തക്കത്തിൽ ഉടൻ ഇടപെട്ടു. തെക്കൻ കൊറിയയുടെ പട്ടാളക്കാർ ഐക്യരാഷ്ട്രസമിതിയുടെ സഹായത്തോടെ ജയിച്ചു മുന്നേറാൻ തുടങ്ങിയപ്പോൾ ജനകീയ ചൈന വിപുലമായ സൈനികസന്നാഹത്തോടെ യുദ്ധരംഗത്തു പ്രത്യക്ഷപ്പെട്ടു. 1953—ൽ ഇരുകക്ഷികളും ഒത്തുതീർപ്പിലെത്തി. യുദ്ധം നിർത്തി. കൊറിയ 38—ാം സമാന്തരരേഖയിൽവച്ചു രണ്ടായി വിഭജിക്കപ്പെട്ടു. തെക്കൻകൊറിയയിൽ അമേരിക്കയുടെ സഹായത്തോടെ പട്ടാളഭരണങ്ങളും, ജനാധിപത്യഭരണങ്ങളും മാറിമാറി വന്നു. കാര്യക്ഷമമായ മുതലാളിത്തസമ്പ്രദായത്തിന്റെ കിഴക്കൻ നാടുകളിലുള്ള ഒരു പ്രദർശനശാല എന്ന നില വളരെ വേഗം കൊറിയ നേടി. വൻതോതിലുള്ള വ്യവസായവല്ക്കരണം കൊറിയയിൽ സംഭവിച്ചു. തുണിവ്യവസായം, പുസ്തകനിർമ്മാണം മുതലായവയിൽനിന്നു കൊറിയ കപ്പൽനിർമാണംപോലുള്ള ഘനവ്യവസായങ്ങളിലേക്കും കമ്പ്യൂട്ടർ നിർമാണംപോലുള്ള 'ഹൈടെക്നോളജി' വ്യവസായങ്ങളിലേക്കും, അതിവേഗം പുരോഗമിച്ചു. വ്യവസായത്തിന്റെ പല മേഖലകളിലും, ജപ്പാൻ കഴിഞ്ഞാൽ ഇന്നു മുന്നിട്ടു നില്ക്കുന്ന ഏഷ്യൻ രാജ്യം ദക്ഷിണകൊറിയയത്രേ.

എന്നാൽ, വ്യവസായരംഗത്തിലുണ്ടായ പുരോഗതി തെക്കൻ കൊറിയയ്ക്കു രാഷ്ട്രീയരംഗത്തു നേടാൻ കഴിഞ്ഞില്ല. യുദ്ധത്തിനുശേഷം ആദ്യത്തെ പ്രസിഡണ്ടായ സിങ്മാൻ റീയുടെ കാലത്തുതന്നെ ദക്ഷിണ കൊറിയ രാഷ്ട്രീയമായ അഴിമതിക്കു കുപ്രസിദ്ധി നേടി. 1960—ൽ റീ പ്രസിഡണ്ട്സ്ഥാനമൊഴിഞ്ഞ് അമേരിക്കയിലേക്ക് ഏറെക്കുറെ ഓടിപ്പോവുകയാണുണ്ടായത്. പിന്നീട് ഏതാണ്ടു രണ്ടു ദശാബ്ദത്തോളം അവിടെ ജനറൽ പാർക്ക് ചുങ്ഹീയുടെ സൈനിക ഏകാധിപത്യമായിരുന്നു. ഹീയുടെതന്നെ രഹസ്യപ്പോലീസ് വകുപ്പിന്റെ തലവൻ 1979 ഒക്ടോബറിൽ അയാളെ വെടിവച്ചു കൊന്നതിനെത്തുടർന്നാണ്, ഒരു പട്ടാള ഉദ്യോഗസ്ഥനായ ജനറൽ ചുൻ ഡൂഹ്വാൻ അധികാരത്തിൽ വന്നത്. 1980 ഓഗസ്റ്റിൽ പ്രസിഡണ്ടായിത്തീർന്ന ചുൻ, 1981—ൽ പുതിയ ഭരണഘടന നടപ്പിൽവന്നപ്പോൾ, ഒരിക്കൽക്കൂടി പ്രസിഡണ്ടായി ഏഴു കൊല്ലത്തേക്കു തെരഞ്ഞെടുക്കപ്പെട്ടു.

ഉത്തരകൊറിയയും ദക്ഷിണകൊറിയയും തമ്മിൽ നിരന്തരമായി സംഘർഷം നടന്നുകൊണ്ടിരിക്കുകയാണ്. റംഗൂണിലെ ബോംബ്

സ്ഫോടനത്തിന്റെ കുറ്റം തെക്കൻകൊറിയക്കാർ ചാരുന്നതു്, സ്വാഭാവികമായും, ഉത്തരകൊറിയയുടെ മേൽ ആകുന്നു. എന്നാൽ, തെക്കൻകൊറിയയിൽത്തന്നെ പ്രസിഡണ്ട് ചുൻ ഡൂഹ്വാനു് എതിരായി പ്രവർത്തിച്ചുവരുന്ന ഏതെങ്കിലും രഹസ്യഗ്രൂപ്പിന്റെ പണിയായിക്കൂടെന്നില്ല ഈ സ്ഫോടനം. ബർമയിലെ ആഭ്യന്തരസ്ഥിതിയും കലുഷിതമാണു്. ദീർഘകാലമായി അധികാരത്തിൽ തുടർന്നിരുന്ന ജനറൽ നേവിൻ ഇപ്പോൾ അവിടെ ഉദ്യോഗത്തിൽനിന്നു് ഒഴിഞ്ഞിരിക്കുകയാണു്. അദ്ദേഹത്തെ തുടർന്നു് അധികാരത്തിൽ വരുമെന്നു കരുതപ്പെട്ടിരുന്ന ചിലർ അഴിമതി, സ്വജനപക്ഷപാതം മുതലായ കുറ്റങ്ങളാരോപിച്ചു് ഈയിടെ പുറംതള്ളപ്പെട്ടു. ഇവർ ബർമയിലെ ഇപ്പോഴത്തെ ഭരണാധികൃതർക്കെതിരായി സംഘടിപ്പിച്ച ഒരാക്രമണമായിക്കൂടെന്നുമില്ല ഈ സ്ഫോടനം. കാരണം, കൊറിയൻ പ്രസിഡണ്ടിനോടൊപ്പം ദേശീയശ്മശാനത്തിൽ ബർമീസ് ഭരണാധികൃതരും സന്നിഹിതരാവുമെന്നാണല്ലോ ന്യായമായും പ്രതീക്ഷിക്കേണ്ടതു്. ഏതായാലും, പൂർണമായി വിശദീകരിക്കപ്പെടാത്ത, ഒരന്താരാഷ്ട്രീയ ക്രൂരതയായി ഈ ബോംബ്സ്ഫോടനവും ഭാവി ചരിത്രകാരന്മാരുടെ ഊഹാപോഹങ്ങൾക്കു വിഷയം നൽകി നിലകൊള്ളാനാണു സാദ്ധ്യത.

ഒക്ടോബർ 11 മുതൽ നാലു ദിവസം ഇന്ത്യയിൽ ചെലവഴിക്കാനായിരുന്നു പ്രസിഡണ്ട് ചുൻ ഡൂഹ്വാന്റെ പരിപാടി. വ്യവസായത്തിന്റെ പല മേഖലകളിലും ഇന്ത്യയുമായി സഹകരിക്കാൻ ദക്ഷിണകൊറിയൻ അധികൃതർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടു്. ഇന്ത്യയ്ക്കുവേണ്ടി പല കപ്പലുകളും തെക്കൻകൊറിയയിലെ കപ്പൽനിർമാണകേന്ദ്രങ്ങളിൽ പണി ചെയ്യപ്പെട്ടുവരുന്നു. ഇന്ത്യയിൽനിന്നു വലിയ തോതിൽ ഇരുമ്പയിര് വാങ്ങാൻ തെക്കൻകൊറിയ തയ്യാറാണു്. കമ്പ്യൂട്ടർപോലെയുള്ള 'ഹൈ ടെക്നോളജി' വ്യവസായങ്ങളിൽ ഇന്ത്യയെ സഹായിക്കാൻ തങ്ങളുടെ ഒരുക്കം തെക്കൻകൊറിയ പ്രഖ്യാപിച്ചിട്ടുണ്ടു്. ഇന്ത്യയും തെക്കൻകൊറിയയും തമ്മിൽ വാണിജ്യം വലിയ അളവിൽ വികസിപ്പിക്കാനും കഴിയും. ഇതുകൊണ്ടു രണ്ടു രാജ്യങ്ങൾക്കും ഗണ്യമായ മെച്ചം ഉണ്ടാവും. ഏതായാലും ബോംബ്സ്ഫോടനത്തെത്തുടർന്നു് പ്രസിഡണ്ട് ചുൻ ധൃതിയിൽ സ്വന്തം നാട്ടിലേക്കു മടങ്ങിപ്പോവുകയാൽ ഈ ആലോചനകളെല്ലാം തല്ക്കാലം തടയപ്പെട്ടിരിക്കുന്നു.

തികച്ചും അർത്ഥശൂന്യമെന്നു തോന്നാവുന്ന ഈ ബോംബ്സ്ഫോടനത്തിൽ മരിച്ചവരെ നാം അനുശോചിക്കുക, പരുക്കേറ്റവരോടു സഹതപിക്കുക, ആകസ്മികമായി മൃത്യുമുഖത്തിൽനിന്നു രക്ഷപ്പെട്ടവരെ അഭിനന്ദിക്കുക. അതേസമയം അന്താരാഷ്ട്രീയരംഗത്തിൽ ഇരുണ്ടും കനത്തും വരുന്ന അക്രമാന്തരീക്ഷത്തിൽ അഗാധമായ ഖേദം രേഖപ്പെടുത്തുകയും ചെയ്യുക. ഈ ഖേദം നാട്ടിനകത്തു നിസ്സാരപ്രശ്നങ്ങളിൽപോലും പിച്ചാത്തി വലിച്ചൂരി പരസ്പരം കുത്തുന്ന പ്രവണതയിൽനിന്നു നമ്മെ തടുത്തുനിർത്തുന്നതിനെങ്കിലും ഉപകരിക്കട്ടെ.

(11 ഒക്ടോബർ, 1983)

# 6. അണുയുദ്ധം എത്ര അടുത്ത്!

'ന്യൂയോർക്കർ' എന്ന അമേരിക്കൻ വാരികയിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചിരുന്നതും, 1982—ൽ അമേരിക്കയിലും കാനഡയിലും പുസ്തകരൂപത്തിൽ പ്രകാശിപ്പിച്ചതുമായ ജോനാഥൻ ഷെല്ലിന്റെ 'ദി